LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം)-ക്ക് സമർപ്പിക്കുകയും ആയതിന് 2,54,000 (രണ്ട് ലക്ഷത്തി അൻപത്തി നാലായിരം) രൂപയ്ക്ക് 22-1-2021-ൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഐ.ടി.ഐ. വകുപ്പിന്റെ റിക്വയർമെന്റ്സ് ആർക്കിടെക്ചർ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർക്കിടെക്ചർ വിഭാഗത്തിൽനിന്ന് രൂപരേഖ ലഭ്യമാക്കി സാധ്യതാപഠനം നടത്തേണ്ടതുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ച്വറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൊല്ലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3(2359) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലപരിധിയിൽ പൊതുമരാമത്ത് വകുപ്പിലെ നിരത്തുവിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ

4(2360) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ചുമതലയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും ചുമതലപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ശ്രീരാമ പോളിടെക്നിക് ലബോറട്ടറി നിർമ്മാണം

5(2361) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-6-2018-ന് ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ നിശ്ചയിക്കുകയും ചെയ്ത നാട്ടിക മണ്ഡലത്തിലെ തൃപ്രയാറിൽ പ്രവർത്തിച്ചുവരുന്ന ശ്രീരാമ പോളിടെക്നിക് കോളേജിൽ ലബോറട്ടറിയും ലൈബ്രറിയും നിർമ്മിക്കുന്ന പ്രവൃത്തിക്ക് മൂന്ന് വർഷം കഴിഞ്ഞിട്ടും പൊതുമരാമത്ത് വകുപ്പ് സങ്കേതികാനുമതി നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതിനും ഇത്തരത്തിൽ സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം വരാതെ ശ്രദ്ധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തൃപ്രയാർ ശ്രീരാമ പോളിടെക്നിക് കോളേജിലെ ലബോറട്ടറി & ലൈബ്രറി കെട്ടിടം സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി 4-3-2020-ന് ലഭിച്ച ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് പ്രകാരം സ്ട്രക്ച്ചറൽ മോഡലിംഗ് ആരംഭിച്ചു. എന്നാൽ 21-8-2020-ലും 14-10-2020-ലും ആർക്കിടെക്ച്ചറൽ ഡ്രോയിംഗിൽ മാറ്റം വരുത്തുകയുണ്ടായി. മാറ്റം വരുത്തിയ "ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്" പ്രകാരം സ്ട്രക്ച്ചറൽ മോഡലിംഗ് 10-11-2020-ൽ പൂർത്തിയാക്കി, ഇതിന്റെ ഫൗണ്ടേഷൻ ഡിസൈൻ ചെയ്തിരുന്നു. ഈ കെട്ടിടത്തിൽ എല്ലായിടത്തും '11.0m column free spans' ഉള്ളതിനാൽ ഇതിന്റെ കോളം ലോഡുകൾ (150 മുതൽ 200 ടൺ വരെ) വളരെ കൂടുതലായിരുന്നു. മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം ഈ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly